കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- കൊച്ചി നഗരസഭ- എടപ്പള്ളി സൗത്ത് വില്ലേജ് സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട അനധികൃത നിർമ്മാണം- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണം ക്രമവൽക്കരണം) ചട്ടം,2014—ക്രമവൽക്കരിച്ച്-- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ആർബി) വകുപ്പ്

സ.ഉ (സാധാ) നമ്പർ 1126/16/തസ്വഭവ തീയതി തിരുവനന്തപുരം 04/03/2016

---

പരാമർശം:- 1) 26.2.16-ലെ സ.ഉ (സാധാ) നമ്പർ 837 /16/തസ്വഭവ

2) ശ്രീ.നൂർ മുഹമ്മദ് നൂർഷയുടെ 26.2.2016-ലെ പുന:പരിശോധന അപേക്ഷ

<u>ഉത്തരവ്</u>

പരാമർശം (1) -ലെ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി നഗരസഭയിലെ എടപ്പള്ളി സൗത്ത് വില്ലേജ് സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട സ്ഥലത്ത് 1984 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ ശ്രീ.നൂർ മുഹമ്മദ് നൂർഷ ,കള്ളിയത്ത് വീട്ടിൽ മാമംഗലം പാലാരിവട്ടം -25 നിർമ്മിച്ച (ബേസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ +8 ഫ്ലോർ)ഗ്രൂപ്പ് 'F'ഗണത്തിൽ ഉൾപ്പെടുന്ന വാണിജ്യ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്ന തിനായി 81,89,600 രൂപ (എൺപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ) ഈടാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പാർക്കിംഗ് സംബന്ധിച്ച് ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് പുന:പരിശോധി ക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പരാമർശം (2) പ്രകാരം അപേക്ഷകൻ പുന:പരിശോധന അപേക്ഷ സമർപ്പിക്കുക യുണ്ടായി.മൂന്ന് കാർ പാർക്കിംഗിന്റെ കുറവിന് 9 ലക്ഷം രൂപയും Basic Compounding Fee 12,89,600/-പന്ത്രണ്ട് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ) രൂപയും ചേർത്ത് ആകെ 21,89,600/-(ഇരുപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ) യാണ് Compounding Fee എന്ന് ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പുന പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രമവൽക്കരണ ഫീസിൽ കുറവു വരുത്തുവാൻ തീരുമാനിച്ചു.

2. മേൽ സാഹചര്യത്തിൽ കൊച്ചി നഗരസഭയിലെ എടപ്പള്ളി സൗത്ത് വില്ലേജ് സർവ്വേ നമ്പർ 162/2 A-ൽ ഉൾപ്പെട്ട സ്ഥലത്ത് 1984 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിൽ ശ്രീ.നൂർ മുഹമ്മദ് നൂർഷ കള്ളിയത്ത് വീട്ടിൽ മാമംഗലം പാലാരിവട്ടം -25 നിർമ്മിച്ച (ബേസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ +8 ഫ്ലോർ)ഗ്രൂപ്പ്'F'ഗണത്തിൽ ഉൾപ്പെടുന്ന വാണിജ്യ കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് 81,89,600 രൂപ/(എൺപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ) യിൽ നിന്നും 21,89,600/- (ഇരുപത്തിഒന്ന് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ)യായി ' പുനർ നിർണ്ണയിച്ച്

ഉത്തരവാകുന്നു. പരാമർശ നിർമ്മാണത്തിന് ഓക്യുപെൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് മുൻപ് പരാമർശം ഒന്ന് പ്രകാരമുള്ള സർക്കാർ ഉത്തരവിലെ 2-ാം ഖണ്ഡികയിലെ 1-ാം നിബന്ധന പാലിക്കേണ്ടതും പ്രസ്തുത നിർമ്മാണത്തിൽ 12 (പന്ത്രണ്ട്) കാർ പാർക്കിംഗ് ലഭ്യമാണെന്ന് കൊച്ചി നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ പി എം മുഹമ്മദ് ഹനീഷ്
ഗവൺമെന്റ് സെക്രട്ടറി

ശ്രീ.നൂർ മുഹമ്മദ് നൂർഷ
കള്ളിയത്ത് വീട്ടിൽ, മാമംഗലം
പാലാരിവട്ടം ,കൊച്ചി -25
സെക്രട്ടറി കൊച്ചി നഗരസഭ
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ(വിജിലൻസ്)
സീനിയർ ടൗൺ പ്ലാനർ, എറണാകുളം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ